₹15

**നഴ്സറി / പ്രൈമറി കുട്ടികൾക്ക്**

# മാതൃഭൂമി മിന്നാമിന്നി

Mathrubhumi Minnaminni

**FREE**
Comic Flip Book

എല്ലാ ചൊവ്വാഴ്ചയും

2020 ഫെബ്രുവരി 19

LKG/UKG/LP
**സിലബസ് അനുസരിച്ച് തയ്യാറാക്കിയത്**

ജി.കെ.ആക്റ്റിവിറ്റി
നഴ്സറി പാട്ട്
തനിയെ വായിക്കാൻ കഥ

കഥകൾ
കവിതകൾ
ആക്റ്റിവിറ്റികൾ




Free Gifts are not valid outside India and for postal copies

# നഴ്സറി/പ്രൈമറി കുട്ടികളുടെ പ്രിയപ്പെട്ട പുസ്തകം.







മാതൃഭൂമി

മിന്നാമിന്നി

നഴ്സറി / പ്രൈമറി കുട്ടികൾക്ക്

സ്കാൻ ചെയ്യൂ
വരിക്കാരാകൂ

മാതൃഭൂമി മിന്നാമിന്നി ഓൺലൈനിൽ സബ്സ്ക്രൈബ് ചെയ്യുന്നതിനായി www.mathrubhumi.com/subscription സന്ദർശിക്കുക. അല്ലെങ്കിൽ QR കോഡ് സ്കാൻ ചെയ്യുക.

FOLD HERE

## ഞാൻ മാതൃഭൂമി മിന്നാമിന്നിയുടെ വരിക്കാരനാകാൻ ആഗ്രഹിക്കുന്നു

| കാലാവധി | ലക്കങ്ങളുടെ എണ്ണം | യഥാർത്ഥ വില | നിങ്ങൾ അടക്കേണ്ട തുക | |
|---|---|---|---|---|
| | | | ഇന്ത്യയിൽ | വിദേശത്ത് |
| ☐ 1 വർഷം | 52 | ₹764 | ₹610 | ₹4976 |
| ☐ 6 മാസം | 26 | ₹382 | ₹382 | ₹2488 |
| ☐ 3 മാസം | 13 | ₹191 | ₹191 | ₹1244 |

പേര്: ശ്രീ./ശ്രീമതി ..............................

ജനന തീയതി: .............................. ഇപ്പോഴത്തെ സബ്സ്ക്രിപ്ഷൻ നമ്പർ (നിലവിലുള്ള വരിക്കാർ മാത്രം പൂരിപ്പിക്കുക): ..............................

വിലാസം: ..............................

..............................

പോസ്റ്റ് ഓഫീസ്: .............................. സ്ഥലം/ജില്ല: ..............................

സംസ്ഥാനം: .............................. പിൻകോഡ്*: ☐☐☐☐☐☐ ഫോൺ*: ..............................

ഇമെയിൽ: ☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐

*ഫോൺ നമ്പർ, പിൻകോഡ് എന്നിവ നിർബന്ധം.

**You can make payment through any one of the following modes**

A. Cheque**/DD No.: .............................. Dated: ..............................for ₹..............................

Bank Name: ..............................

**Cheque/DD shall be drawn in favour of 'The Mathrubhumi Printing and Publishing Company Ltd', payable at Calicut.

B. NEFT/Online Payments: All Payments through NEFT/Online to be made in favour of 'The Mathrubhumi Printing and Publishing Company Ltd'.

Account No: 57024066086 | IFSC Code: SBIN0070188 | Amount: Rs. ..............................UTR Number: .............................. (essential)

C. Money Order Number and Date: ..............................

മണി ഓർഡർ മാതൃഭൂമിയുടെ പേരിൽ സ്വീകരിക്കുന്നതാണ്.

മാതൃഭൂമി മിന്നാമിന്നിയുടെ സബ്സ്ക്രിപ്ഷൻ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി മുകളിൽ നൽകിയിട്ടുള്ള ഇമെയിൽ ഐ.ഡി./ഫോൺ നമ്പറിലേക്ക് ബന്ധപ്പെടുന്നതിന് എനിക്ക് സമ്മതമാണ്. ഇമെയിൽ ഐ.ഡി./ഫോൺ നമ്പർ എന്നിവയിൽ എന്തെങ്കിലും മാറ്റമുണ്ടാവുകയാണെങ്കിൽ അറിയിക്കുന്നതായിരിക്കും. Yes ☐ No ☐

ഓഫറുകൾ ഇന്ത്യയിൽ മാത്രമായിരിക്കും, ഓഫർ പരിമിതകാലത്തേക്ക് മാത്രം, **നിബന്ധനകൾക്ക് വിധേയം,** സബ്സ്ക്രിപ്ഷൻ ആരംഭിക്കുവാൻ **2-4** ആഴ്ച കാലതാമസം ഉണ്ടായിരിക്കും, **ക്യാഷ് ആയി അയക്കരുത്, നോൺ MICR/നോൺ CTS ചെക്കുകൾ സ്വീകരിക്കില്ല,** കോപ്പികൾ ഓർഡിനറി പോസ്റ്റ് ആയിട്ടായിരിക്കും അയക്കുക, സമ്മാനങ്ങൾ തപാൽ കോപ്പികളോടൊപ്പം അയക്കുന്നതല്ല. നിബന്ധനകളെ കുറിച്ച് കൂടുതലറിയുവാൻ **www.mathrubhumi.com/subscription** എന്ന വെബ്സൈറ്റ് സന്ദർശിക്കുക, സബ്സ്ക്രിപ്ഷൻ സംബന്ധിച്ച എല്ലാ വിവരങ്ങൾക്കുമായി **subscription@mpp.co.in** ലേക്ക് ഇമെയിൽ ചെയ്യുക അല്ലെങ്കിൽ **0495 2362598 / 2362650** എന്ന നമ്പറിലേക്ക് വിളിക്കുക. ഞായറാഴ്ചയും പൊതു അവധിയും ഒഴികെ, തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ **10** മണി മുതൽ വൈകുന്നേരം **5** മണി വരെ വിളിക്കാം.

അയക്കേണ്ട വിലാസം: The AGM - Circulation, Mathrubhumi, K P Kesavamenon Road, Kozhikode - 673001

എല്ലാ ചൊവ്വാഴ്ചയും
മാതൃഭൂമി
മിന്നാമിന്നി
നഴ്സറി- പ്രൈമറി കുട്ടികൾക്ക്

പുസ്തകം 10 • ലക്കം 11 • 19 ഫെബ്രുവരി 2020
• പേജ് 52 • വില ₹15

മാതൃഭൂമി എം.എം.പ്രസ്സ്, ചെറൂട്ടി റോഡ്,
കോഴിക്കോട് - 673001
ഫോൺ: 0495 - 2779 355
e-mail : minnaminni@mpp.co.in
Fax: 0495 - 2760138

മാനേജിങ് എഡിറ്റർ: പി.വി. ചന്ദ്രൻ
ജോയിന്റ് മാനേജിങ് എഡിറ്റർ: പി.വി. നിധീഷ്
എക്സിക്യുട്ടീവ് എഡിറ്റർ - പീരിയോഡിക്കൽസ് & ഡിജിറ്റൽ: ഒ.ആർ. രാമചന്ദ്രൻ
ചീഫ് സബ് എഡിറ്റർ: എം.ആർ. സന്തോഷ് കുമാർ
സബ് എഡിറ്റർമാർ: അഖില പ്രിയദർശിനി
സന്ധ്യ എം., ആർ.എസ്. ധനൂജ്, വി. പ്രവീണ.
സീനിയർ ആർട്ടിസ്റ്റുമാർ: ജോയ് തോമസ്
സി.ജെ. സിബി
ആർട്ടിസ്റ്റുമാർ: ഗിരീഷ് കുമാർ ടി.വി.,
ബാലു വി., ബിജു പി.ആർ.

**Circulation**
Vipin Das
Asst. General Manager-Circulation
Mathrubhumi
K P Kesava Menon Road
Kozhikode-673 001
Phone: 0495-2362 546
Email: vipindas@mpp.co.in

**Advertisement**
Sunil Nambiar
Dy. General Manager
Advertisement (Periodicals)
Mathrubhumi
K P Kesava Menon Road
Kozhikode-673 001.
Phone: 0495-2362 577
Mobile: 9526037773
Email: periodicalsadvt@mpp.co.in

**Subscription**
To subscribe Minnaminni
**In India:** For 3 months ₹191
For 6 months: ₹382/
For 12 months ₹ 764
(Special offer: ₹610)
**Abroad:** By air mail: 3 months: ₹1244
6 months: ₹2488/12 months: ₹4976
(തപാൽ കോപ്പികൾക്കൊപ്പം സമ്മാനങ്ങൾ ലഭിക്കില്ല.)

MO/DD can be taken in the name of Mathrubhumi payable at Calicut and to be sent to the AGM-Circulation in the above mentioned address

**Online Subscription:**
www.mathrubhumi.com/subscription
Email: subscription@mpp.co.in

Disclaimer: Every effort is made to provide accurate and up-to-date information. The publishers cannot accept responsibility for any consequences arising from the use of information provided.

*For subscription/circulation enquiries:*
Call 0495-2362598, 2362650
(10 am to 5 pm)
except Sundays and public holidays.

# കളിയും കളിപ്പാട്ടവും!



**വ**ല വീടുകളിലും കാണാം കുട്ട നിറയെ കളിപ്പാട്ടങ്ങൾ. മിക്കതും കുട്ടികൾ ഉപയോഗിക്കാറേ ഉണ്ടാവില്ല. ചില കാര്യങ്ങൾ ഇക്കാര്യത്തിൽ ശ്രദ്ധിക്കാം.

- കുട്ടികൾക്ക് കണ്ണിൽക്കണ്ട കളിപ്പാട്ടങ്ങളൊക്കെ വാങ്ങിക്കൊടുക്കുന്ന ശീലം ആദ്യം നിർത്തുക.
- കുട്ടികളുടെ പ്രായത്തിന് അനുസരിച്ചുള്ള കളിപ്പാട്ടം വേണം വാങ്ങാൻ. ബിൽഡിംഗ് ബ്ലോക്ക്സ് കൊണ്ട് കളിക്കേണ്ട പ്രായത്തിൽ ചെസ്സ് പഠിപ്പിക്കാൻ ശ്രമിക്കരുത്.
- വില കൂടിയ കളിപ്പാട്ടങ്ങൾ വാങ്ങുക എന്നതല്ല കുട്ടികൾക്ക് കളിക്കാൻ അവ പ്രയോജനപ്പെടുകയാണ് പ്രധാനം. ഒറ്റത്തവണ കളിച്ച് വലിച്ചെറിയാൻ ഇടയുള്ളവ തിരഞ്ഞെടുക്കരുത്.
- കുട്ടികൾ കളിപ്പാട്ടങ്ങൾ കടിക്കുകയും മറ്റും ചെയ്യും. അത് കൂടി കണക്കാക്കി വേണം അവ തിരഞ്ഞെടുക്കാൻ.
- എവിടെപ്പോയാലും കളിപ്പാട്ടം വാങ്ങുന്ന പതിവുണ്ടെങ്കിൽ അത് മാറ്റണം.
- കളിപ്പാട്ടങ്ങൾ പങ്കുവച്ച് കളിക്കാനും അവരെ ശീലിപ്പിക്കണം.

**സമ്മാനം!**
ഈ ലക്കം സമ്മാനമായി Comic flip book കിട്ടിയില്ലേ? അതിന്റെ സൂത്രമറിയാൻ ഈ QR കോഡ് സ്കാൻ ചെയ്തോളൂ.





# മുട്ടക്കാരൻ

**മുട്ടകൾ വിൽക്കാൻ**
**ചന്തയിലെത്തീ**
**മുട്ടക്കാരൻ കുട്ടപ്പൻ**
**മുട്ടകൾ പത്തും**
**മടിയിൽത്തിരുകി**



## കുട്ടപ്പാ വന്നേ!

**കുട്ടപ്പന് മുട്ട വാങ്ങാൻ വന്ന അമ്മൂമ്മയുടെ അടുത്തേക്ക് വഴി കാണിക്കാമോ?**

**HOW IT BENEFITS**
**Skills:** Pre-writing readiness.
**Learning Outcome:** Learns to handle a writing tool.

# കുട്ടപ്പൻ!

ചെത്തി നടന്നൂ കുട്ടപ്പൻ
അറിയാതേതോ കല്ലിൽത്തട്ടി
ചടപട വീണൂ കുട്ടപ്പൻ
മുട്ടകൾ പത്തും പൊട്ടിപ്പോയീ
ഞെട്ടിപ്പോയീ കുട്ടപ്പൻ!

രമേശ്ചന്ദ്രവർമ ആർ.

ആംഗ്യപ്പാട്ട്

**മാതാപിതാക്കളുടേയും അധ്യാപകരുടേയും ശ്രദ്ധയ്ക്ക്:**

ഇതൊരു ആംഗ്യപ്പാട്ടാണ് ഇത് ഈണത്തിലും താളത്തിലും ചൊല്ലുന്നതോടൊപ്പം വരികൾക്ക് യോജിച്ച ആംഗ്യങ്ങളും കാണിക്കണം.




## ഇവിടെയുണ്ട്!

ഇവിടെ മുട്ട നോക്കിയിരിപ്പുണ്ട് ഒരാൾ. ആളെ കാണാൻ 1 മുതൽ 17 വരെയുള്ള കുത്തുകൾ യോജിപ്പിച്ചുനോക്കൂ.





## മുട്ടത്തോട്!

പൊട്ടിപ്പോയ മുട്ടയുടെ ബാക്കി കഷണം കണ്ടെത്തി വട്ടമിടൂ.

ഉത്തരം: 4

# ചിത്രം നല്ല ചിത്രം!

**ഈ ചിത്രത്തിന് ഉഗ്രൻ നിറംകൊടുക്കാമോ?**





## ഇങ്ങനെ ഇങ്ങനെ...

**വലതുവശത്തെ കളത്തിലേതുപോലെ ചിത്രം ഇടതുവശത്തെ കളത്തിൽ വരയ്ക്കൂ...**

**HOW IT BENEFITS**

**Skills:** Observation, drawing.
**Learning Outcome:** Gains control over small muscle movement.






# ഒന്നാമൻ

എത്തി തോണികൾ പത്തെണ്ണം
ചുണ്ടൻ വള്ളം പത്തെണ്ണം
വള്ളം കളിയുടെ കളിയാട്ടം
കണ്ടു പുഴയുടെ തിരയോട്ടം
ആർപ്പും വിളിയും പൊടിപൂരം
തുഴഞ്ഞു വള്ളം പായുമ്പോൾ
മുന്നിൽ വന്നവൻ ഒന്നാമൻ!

അബ്ദുള്ള കാരാട്ടിൽ



**കണക്കു പഠിക്കാം:**
ആക്റ്റിവിറ്റികളിലൂടെ
കണക്ക് പഠിക്കാൻ
സഹായിക്കുന്ന
പംക്തിയാണ് ഇത്.



## ഏത് പേജ്?

ഈ പേജിന്റെ നമ്പർ
കളത്തിൽ എഴുതൂ.

## മുന്നും പിന്നും!

ഏറ്റവും മുന്നിൽ പോകുന്ന
തോണിയുടെ അടുത്ത് F എന്നും
ഏറ്റവും പിന്നിൽ പോകുന്ന
തോണിയുടെ അടുത്ത് L എന്നും
എഴുതാമോ?

F=First
L=Last


ടിങ്കി
മിടുക്കി പെൺകുട്ടിയാണ് ടിങ്കി. അവൾക്കൊരു കൂട്ടുകാരിയുണ്ട്. മന്ത്രശക്തിയുള്ള ടൂട്ടി എന്ന പാവക്കുട്ടി.
ഓരോ കുസൃതികൾ കാട്ടി ടിങ്കിയെ കുഴപ്പത്തിലാക്കാൻ നടക്കുന്ന വിരുതനാണ് ജിങ്കോ എന്ന വികൃതിപ്പയ്യൻ. അവന്റെ ചങ്ങാതിയാണ് ചൂചൂ പരുന്ത്.
ക്ലാസ്സ് പരീക്ഷയ്ക്ക് ഒന്നിച്ചു പഠിക്കുകയാണ് ടിങ്കിയും ജിങ്കോയും. കളിസ്ഥലത്തിനടുത്തുള്ള ഗ്രൗണ്ടിലാണ് അവർ ഇരുന്നത്.
ഈ കണക്ക് ഇങ്ങനെയാ ചെയ്യണ്ടത്!
ഓക്കെ!
ടിങ്കിയും ജിങ്കോയും കണക്കാണ് പഠിക്കുന്നത്.
ശരി: തെറ്റ്:
ഈ സമയത്താണ് ടോമി അവന്റെ പട്ടിയുമായി വന്നത്. ടോമിക്ക് ജിങ്കോയെ ഒട്ടും ഇഷ്ടമല്ല. ജിങ്കോയെ കണ്ടതും ടോമിയുടെ പട്ടി കുര തുടങ്ങി.
ശ്ശോ! ഈ പട്ടിയെ ഒന്നുകൊണ്ടുപോ ടോമീ!
ശ്ശെ!
ബൗ! ബൗ!


എന്നാൽ വികൃതിയായ ടോമി പട്ടിയെ അവിടെ കെട്ടിയിട്ട് കളിക്കാൻ പോയി.
ഹും, എന്റെ പട്ടിയെ ഞാനിവിടെത്തന്നെ കെട്ടും!
ഇതുകണ്ട ടൂട്ടി പട്ടിയെ സൂക്ഷിച്ചൊന്നുനോക്കി. അതോടെ പട്ടിയുടെ ശബ്ദം കേൾക്കാതെയായി.
ങേ, ശബ്ദമില്ലല്ലോ!
പട്ടിയുടെ ശബ്ദം കളത്തിൽ എഴുതൂ.
ടൂട്ടിയുടെ സൂത്രമാണെന്ന് അവർക്ക് മനസ്സിലായി.



പട്ടിയുടെ ശബ്ദം കേൾക്കാതായപ്പോൾ ടോമി തിരിച്ചുവന്നു.
ഹയ്യോ, ഇവന്റെ ശബ്ദത്തിനെന്തു പറ്റി?
പേടിച്ചുപോയ ടോമി പട്ടിയേയും കൊണ്ട് വേഗം സ്ഥലം വിട്ടു. കുറച്ചകലെ എത്തിയതും പട്ടിയുടെ ശബ്ദം ശരിയായി.
ബൗ! ബൗ!
ങേ? ഇതെന്തൊരദ്ഭുതം!




# ശരിയോ? തെറ്റോ?




**അമ്മമാരുടേയും ടീച്ചർമാരുടേയും ശ്രദ്ധയ്ക്ക്:**

കുട്ടികളുടെ നിരീക്ഷണ പാടവം വർധിപ്പിക്കാനുള്ള പേജാണിത്. ശരിയും തെറ്റും മനസ്സിലാക്കാൻ കുഞ്ഞുങ്ങളെ സഹായിക്കുമല്ലോ. ഇവിടെയുള്ള ചിത്രങ്ങളിൽ നല്ല കാര്യം സൂചിപ്പിക്കുന്ന ചിത്രത്തിനു നേരെ ✓ എന്നും മോശം കാര്യം സൂചിപ്പിക്കുന്ന ചിത്രത്തിനു നേരെ ✗ എന്നും അടയാളപ്പെടുത്തുക.










## LSS - USS മാതൃകാ ചോദ്യപേപ്പറുകൾ റെഡി!

### കൂടാതെ 4, 5, 6, 7 ക്ലാസുകളിലെ പഠനസഹായികളും

**IV-ാം ക്ലാസ് പഠനസഹായി**
First Aid: അറിയേണ്ടതെല്ലാം
ഇംഗ്ലീഷ് കഥയുടെ പരിഭാഷ

**V-ാം ക്ലാസ് പഠനസഹായി**
നാടൻ പാട്ടുകൾ ശേഖരിക്കാം!
Album: കേരളത്തിലെ പക്ഷികൾ

**VI-ാം ക്ലാസ് പഠനസഹായി**
അടിസ്ഥാനശാസ്ത്രം
പരീക്ഷയ്ക്കൊരുങ്ങാം

**VII-ാം ക്ലാസ് പഠനസഹായി**
ഡയറിക്കുറിപ്പ്,
വാങ്മയ ചിത്രം...





ബാലഭൂമി
2020 ഫെബ്രുവരി 14 ₹15

# മഴവിൽക്കാവടി!

മഴവിൽക്കാവടി തോളിലെടുത്ത്
കാർമുകിൽ തുള്ളിച്ചാടുമ്പോൾ
പീലിനിവർത്തി ആൺമയിൽ മണ്ണിൽ
നൃത്തച്ചോടുകൾ വയ്ക്കുന്നു
തകധിമി തകധിമി താളമടിച്ച്
പുള്ളിപ്പൂങ്കുയിൽ പാടുമ്പോൾ
ചില്ലക്കൊമ്പിലെ ചെല്ലക്കാറ്റും
ചേലിൽ നർത്തനമാടുന്നു!

മോഹൻ മംഗലത്ത്

## ഈ മേഘം!

കുത്തുകളിലൂടെ
മേഘം വരച്ചോളൂ.

## പേര് കിട്ടി!

ആൺമയിലിന്റെ ഇംഗ്ലീഷ് പേരറിയാൻ
ചുവന്ന അക്ഷരങ്ങൾ വെട്ടിക്കളയൂ.

**PRESALCMOCSK**







കുട്ടികൾക്ക്
പുതിയ വാക്കുകൾ
പരിചയപ്പെടുത്തുന്ന
പംക്തിയാണിത്.

## ഈ തരു!

**തരു എന്ന വാക്കിന്റെ അർഥം അറിയാൻ കുത്തിട്ട കളങ്ങൾ കറുപ്പിച്ചുനോക്കൂ.**







## ഒരേ എണ്ണം!

**ഇക്കൂട്ടത്തിൽ ഒരേ എണ്ണം പഴങ്ങളുള്ള മരങ്ങളെ തമ്മിൽ വരച്ചുമുട്ടിക്കാമോ?**







# മീശയും എലുമ്പനും

ഉറ്റ ചങ്ങാതിമാരാണ് **മീശമാർജാരൻ** എന്ന പൂച്ചയും **എലുമ്പൻ** എന്ന പട്ടിയും. ഓരോ അബദ്ധങ്ങളിൽ ചെന്നു ചാടുകയാണ് ഇരുവരുടേയും പതിവ്!

*ആശയം, സ്ക്രിപ്റ്റ്:* **സന്തോഷ് വള്ളിക്കോട്** *ആർട്ട്:* **ദേവപ്രകാശ്**



മീശയ്ക്ക് തെങ്ങിൽ കയറാനും ഇറങ്ങാനും അറിയില്ല. അതുകൊണ്ട് മീശ ഒരു വിദ്യ കണ്ടുപിടിച്ചു.




കാലുകൾക്കടിയിൽ വലിയ രണ്ട് സ്പ്രിംഗ് വച്ചുകെട്ടി. എന്നിട്ട് വീടിന് മുകളിൽ നിന്ന് ചാടി.






അപ്പോഴതാ മീശ ഉയർന്ന് പൊങ്ങി അടുത്ത തെങ്ങിൽ പിടിച്ചു. ‘‘ഹ!ഹ! കൊള്ളാമല്ലോ!’’, എലുമ്പൻ ഇതുകണ്ട് ചിരിച്ചു.




മീശ ആ തെങ്ങിലെ തേങ്ങ പറിച്ചിട്ട് താഴേക്കു ചാടി. അപ്പോൾത്തന്നെ ഉയർന്ന് മറ്റൊരു തെങ്ങിൽ പിടിച്ചു.



അടുത്ത തെങ്ങിൽ നിന്ന് ചാടി മറ്റൊരു തെങ്ങിലേക്ക്. അങ്ങനെ തേങ്ങയെല്ലാം പറിച്ചു കഴിഞ്ഞു.



അപ്പോഴാണൊരു പ്രശ്നം. മീശ താഴേക്കു ചാടിയാൽ അപ്പോൾ തന്നെ ഉയർന്ന് മുകളിലെത്തും.



‘ശ്ശെടാ, ഇനി എങ്ങനെ താഴെയിറങ്ങും!’, മീശ തെങ്ങിൽ പിടിച്ചിരുന്ന് താഴേക്കു നോക്കി.



“എടാ, എന്നെ രക്ഷിക്കെടാ!”, തെങ്ങിൽ നിന്നിറങ്ങാനാവാതിരിക്കുന്ന മീശയെ നോക്കി എലുമ്പൻ താഴെ അന്തം വിട്ടു നിന്നു.

## ഉ എഴുതാം!

**മലയാളം അക്ഷരം 'ഉ' കുത്തുകളിലൂടെയും കോപ്പിവരകളിലൂടെയും എഴുതിപ്പഠിക്കൂ.**




**അമ്മമാരുടേയും ടീച്ചർമാരുടേയും ശ്രദ്ധയ്ക്ക്:**
അക്ഷരങ്ങളും അക്കങ്ങളും എഴുതി പരിശീലിക്കാനുള്ള പേജുകളാണിത്. **'C'(സി)** എന്ന ഇംഗ്ലീഷ് ചെറിയ അക്ഷരവും **'ഉ'** എന്ന മലയാള അക്ഷരവും ആണ് ഈ ലക്കത്തിൽ പരിചയപ്പെടുത്തുന്നത്. **'19'** എന്ന സംഖ്യയും എഴുതാം. കൂടാതെ ഹിന്ദി അക്ഷരവുമുണ്ട്. **'द'** **(ദ)** എന്ന അക്ഷരമാണ് ഇത്തവണ.


ഉ ഉ ഉ ഉ ഉ

ഉ

ഉ

## എണ്ണാൻ വാ!

**കളത്തിൽ നിന്ന് ഉ-കൾ കണ്ടെത്തി വട്ടമിട്ടോളൂ.**



ഉരൽ

ഉ ല ര ഹ ഉ ഝ ണ
ള ഷ ഉ
ദ ഋ
ശ ഴ ഉ മ
ഉ ഘ ബ ഛ ഉ ഠ ഥ

## പത്തൊൻപത്

# 19

NINETEEN


## കണക്ക് കൊള്ളാം!

**19 എന്ന അക്കം കുത്തുകളിലൂടെ എഴുതിനോക്കൂ.**

19 19 19 19

## ഇതാ ഇംഗ്ലീഷ്...

ഇംഗ്ലീഷ് വലിയ അക്ഷരം 'C' കുത്തുകളിലൂടെയും കോപ്പിവരകളിലൂടെയും എഴുതിപ്പഠിച്ചോളൂ.



C

C



CAT


## C ഉണ്ട്!

C-യിൽ പേര് തുടങ്ങുന്ന ചിത്രങ്ങൾ കണ്ടെത്തി വട്ടമിടണേ.









## द=ദ




दवात

## ഹിന്ദി പഠിക്കൂ!

ഹിന്ദി അക്ഷരം 'द' (ദ) കോപ്പിവരകളിൽ എഴുതിനോക്കാമോ?

द

द

മഴവില്ല്

**രക്ഷിതാക്കളുടേയും അധ്യാപകരുടേയും ശ്രദ്ധയ്ക്ക്:**
പ്രൈമറി ക്ലാസ്സുകളിലെ പഠനത്തിന് സഹായിക്കുന്ന അറിവുകളാണ് ഈ പേജുകളിൽ.

# പാൽ ഉൽപന്നങ്ങൾ

**പാൽ കൊണ്ട് ഉണ്ടാക്കുന്ന ചിലത് നോക്കൂ...**



ഐസ്ക്രീം (Ice cream)



ലസി (Lassi)



വെണ്ണ (Butter)



തൈര് (Curd)



മോര് (Buttermilk)



നെയ്യ് (Ghee)



പാൽക്കട്ടി (Cheese)



പാൽ ബിസ്കറ്റ് (Milk cookies)



കസ്റ്റാർഡ് (Custard)



പേഡ (Milk peda)



ഷേക്ക് (Milk shake)



പാൽപായസം (Pal payasam)




പനീർ (Paneer)

# കുക്കുവും വിക്കുവും



കുഞ്ഞിക്കുരുവിയാണ് കുക്കു. നല്ലവളായ കുക്കുവിന്റെ ചങ്ങാതിയാണ് വികൃതിക്കുറുക്കൻ വിക്കു. ആരു പറഞ്ഞാലും അവൻ അനുസരിക്കാറില്ല.




ഒരു ദിവസം കുക്കുവും വിക്കുവും കൂടെ പുഴക്കരയിൽ ചെന്നു.




അവിടെ ഒരു തോണി ഉണ്ടായിരുന്നു. മനുഷ്യരാരോ വച്ചതാണ്.




''ദേ, ആ തോണിയിൽ കയറി തുഴഞ്ഞാലോ?'', വിക്കു പറഞ്ഞു.



''വിക്കൂ, അതൊക്കെ അപകടമാ!'', കുക്കു പറഞ്ഞു.



വിക്കു അത് കേൾക്കാതെ തോണിയിൽ കയറി തുഴഞ്ഞു. കുറച്ച് തുഴഞ്ഞതും വിക്കു തളർന്നു.



പിന്നെ കുക്കു കുട്ടനാമയെ വിളിച്ചുവന്നു. ആമയുടെ പുറത്തു കയറി വിക്കു തിരിച്ചെത്തി.

# കടങ്കഥക്കളി!




**ക**ടങ്കഥകൾ കൊണ്ടുള്ള കളിയാണ് ഇത്. കളിക്ക് ആദ്യം ഒരു നേതാവ് വേണം. നേതാവ് കുറേ കടങ്കഥകൾ ശേഖരിച്ച് അവയുടെ ഉത്തരങ്ങളെല്ലാം ഓരോ കടലാസുകഷണങ്ങളിൽ എഴുതണം. അവ ഒരു പാത്രത്തിലിട്ട് കുലുക്കിയ ശേഷം കളിയിൽ പങ്കെടുക്കുന്നവരെല്ലാം എടുത്തോളൂ. കുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് വേണം കടങ്കഥകളുടെ എണ്ണം.


ഇനി നേതാവ് ഒരു കടങ്കഥ ഉച്ചത്തിൽ ചോദിക്കണം. അതിന്റെ ഉത്തരം കിട്ടിയ കുട്ടി കളിയിൽ നിന്ന് പുറത്താകും. ഉദാഹരണത്തിന് ‘ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര’ എന്നാണ് ചോദ്യമെങ്കിൽ ചെരുപ്പ് എന്ന് ഉത്തരം കിട്ടിയ ആൾ പുറത്താകും.


## ഉത്തരം പറയൂ!

***‘ഞെട്ടില്ലാ വട്ടയില!’***

**ഈ കടങ്കഥയുടെ ഉത്തരം ഏത് ചിത്രമാണെന്ന് കണ്ടെത്തി വട്ടമിടൂ.**









**വാക്കു പഠിക്കാം!**

**MID DAY:**
The middle of the day.


പറക്കുന്ന പൂക്കളെപ്പോലെ ഒരു കൂട്ടം പൂമ്പാറ്റകൾ പറന്നുപോകുന്നതുകണ്ട് മിമു ആ ഭംഗി നോക്കി നിന്നു.
ഇവരെ ങ്ങോട്ടാവും പോകുന്നത്?
മിമു
മിമുവും പുറകേ ചെന്നു. പൂമ്പാറ്റകൾ ഒരു പൂന്തോട്ടത്തിലേക്കാണ് പറന്നു ചെന്നത്. പക്ഷേ, അവിടെ ഒരു പെൺകുട്ടി പൂമ്പാറ്റകളെയെല്ലാം ആട്ടിപ്പായിച്ചു.
എന്റെ പൂവിലൊന്നും ഇരിക്കരുത്. പോ ദൂരെ!


‘‘കൂട്ടുകാരീ...ഇവരൊക്കെ വന്ന് തേൻകുടിക്കുന്നത് നല്ലതാ!’’, മിമു പറഞ്ഞു.
‘‘മിമൂ... അതെനിക്കിഷ്ടമല്ല. എന്റെ പൂക്കളെ ഞാൻ തൊട്ടാൽ മതി!’’, പെൺകുട്ടി സമ്മതിച്ചില്ല.
പക്ഷേ, കുറേനാൾ കഴിഞ്ഞപ്പോൾ ചെടികളെല്ലാം വാടി. പുതിയവ മുളച്ചുമില്ല.
‘‘എന്റെ പൂന്തോട്ടം നശിക്കും. ങീ...’’, പെൺകുട്ടി വിഷമിച്ചിരിക്കുന്നത് മിമു കണ്ടു.
‘‘കൂട്ടുകാരീ പൂമ്പാറ്റകൾ വരട്ടെ. അപ്പോൾ വിത്തുകളും പുതിയ പൂച്ചെടികളുമൊക്കെ ഉണ്ടാവും. പൂന്തോട്ടത്തിൽ പൂമ്പാറ്റകളെ ഒഴിവാക്കരുത്!’’, മിമു പറഞ്ഞുകൊടുത്തു.

പെൺകുട്ടി ഇത്തവണ മിമു പറഞ്ഞത് കേട്ടു.
അവിടെ നിറയെ പൂമ്പാറ്റകൾ പാറിപ്പറന്നു.
പിന്നീട് ഒത്തിരിപ്പൂച്ചെടികളും പൂക്കളും ഉണ്ടായി.



"ഹായ്... എന്തു രസം! മിമൂ നീ പറഞ്ഞത് എത്ര ശരിയാ!", പൂമ്പാറ്റകളോടൊപ്പം കളിച്ചുകൊണ്ട് പെൺകുട്ടി പറഞ്ഞു. മിമു പുഞ്ചിരിച്ചു.




മിന്നാമിന്നി

പാട്ടും നിറവും

കുട്ടികൾക്ക് നഴ്സറി ഗാനങ്ങൾ പഠിക്കാനുള്ള പേജുകളാണിത്. പാട്ടുപാടി വരികളുടെ അർഥം പറഞ്ഞുകൊടുക്കണം. ഒപ്പം ചിത്രങ്ങളും കാണിക്കുക. അതിനുശേഷം ചിത്രങ്ങൾക്ക് കുട്ടികൾ സ്വയം നിറങ്ങൾ കൊടുക്കട്ടെ.

# Jack and Jill

Jack and Jill went up the hill
To fetch a pail of water.
Jack fell down and broke his crown,
And Jill came tumbling after.







ചുറ്റുപാടുമായി ബന്ധപ്പെട്ട അറിവുകൾ കുഞ്ഞുങ്ങൾക്ക് കളിയിലൂടെ മനസ്സിലാക്കാൻ സഹായിക്കുന്ന പംക്തി.

# ആമ്പൽപ്പൂവ്!

**ആമ്പൽപ്പൂവിനെ കുറിച്ചാണ് ഇത്തവണ.**


- **വെള്ളത്തിൽ വളരുന്ന ചെടിയാണ് ആമ്പൽ. ആമ്പലിന്റെ പൂവ് കണ്ട് ചിലർ താമരയാണെന്ന് കരുതാറുണ്ട്.**



*ആമ്പൽപ്പൂ കുത്തുകളിലൂടെ വരച്ചോളൂ.*

- **ആമ്പലിന്റെ ഇലയിൽ ഒരു വിടവുണ്ടാകും. എന്നാൽ താമരയില വട്ടത്തിലാണ്.**


*താമരയുടെ ഇംഗ്ലീഷ് പേര് ഇവിടെ എഴുതിക്കോളൂ.*



*ഈ ആമ്പലിന് ചുവപ്പ് നിറം കൊടുക്കണേ.*

- ആമ്പലിന് ഇംഗ്ലീഷിൽ water lily എന്നു പറയും.

- വെള്ള, ചുവപ്പ്, റോസ് എന്നീ നിറങ്ങളിലുള്ള ആമ്പൽപ്പൂക്കളാണ് സാധാരണ കണ്ടുവരാറുള്ളത്.




*ആമ്പലിന് അടുത്ത് ഒരാളുണ്ട്. 1 മുതൽ 10 വരെയുള്ള കുത്തുകൾ യോജിപ്പിച്ച് ആരാണെന്ന് കണ്ടെത്തിക്കോളൂ.*

- വെള്ളത്തിനടിയിലുള്ള ചെളിയിൽ നിന്നാണ് ആമ്പൽ മുളച്ചു വരുന്നത്.




ആക്റ്റിവിറ്റികളിലൂടെ ഇംഗ്ലീഷ് പഠിക്കാനുള്ള പംക്തിയാണിത്.




## വയസ്സെത്ര?

പാറുവിന്റെ അപ്പൂപ്പന്റെ പിറന്നാളായിരുന്നു അന്ന്. അപ്പൂപ്പന് എത്ര വയസ്സായി എന്ന് പാറു ഇംഗ്ലീഷിൽ ചോദിക്കുന്നത് നോക്കൂ.





## ചാടിച്ചാടി!

ഇക്കൂട്ടത്തിൽ ചാടി നടക്കുന്ന വിരുതന്മാരുടെ അടിയിൽ ഇംഗ്ലീഷ് പേരെഴുതിക്കോളൂ. ബാക്കിയുള്ളവരുടെ ചിത്രത്തിന് അടിയിൽ മലയാളം പേരും എഴുതണം.









## NAME FUN!

Some letters are missing in the names of these animal friends. Find the correct letter from the circle and fill it in proper space.



CR__W

N
A T
O



BE__R




S__AIL



RABBI__

## PICTURE PLEASE!

Join the dots to complete the picture. Give suitable colours too.



# DAPPU AND PAPPU



"I don't like Pappu" Dappu monkey said to his mother.

"Why so? Pappu monkey is really very smart" Dappu's mother replied. "He is good at sports and many extra curricular activities. He enjoys love and respect from all" Dappu retorted.

"Who is stopping you from winning?" asked Dappu's mother.

Suddenly Pappu came there smiling. Pappu was holding a gold medal in his hand. "I won gold in swimming for the first time". Dappu's mother hugged Pappu and appreciated. Dappu got angry: "Were there no other swimmers? How could you win the gold medal in swimming?"

"Don't speak arrogantly", Mother scolded Dappu. "Tell me, Pappu, how could you become a winner in swimming?" Pappu was busy eating popcorn given by Dappu's mother. Pappu wiped off his lips and said: "Aunty, as you know, I always won medals in running, jumping and throwing events. It was my dream to win a medal in swimming though I knew it would be difficult but not impossible".

Pappu paused for a while and said: "So, I contacted Tuttu tortoise". 'Ha... Ha... Tuttu, the slow-boy?" Dappu laughed louder. Pappu replied: "Tuttu might be slow on land but he is fast and expert in swimming in water".

Pappu wagged his tail and proudly said: "Tuttu taught me all the techniques required to be a good and fast swimmer. Daily, I spent lots of time practicing swimming in the river. Thus, I could win this medal"

Dappu's mother patted Pappu. Dappu didn't like it and grinned: "It's not a big deal". Dappu's mother smiled and said to Dappu: "There is no point being jealous on other's success when you are not willing to work hard. Remember, success doesn't just come and find you but you have to go out and get it".

Dappu stared at his mother's face. Mother monkey hugged Dappu and said: "Pappu was not at all smart in swimming. But, his perseverance and



**അർഥമറിയാം**

| | | |
|---|---|---|
| hugged | = | കെട്ടിപ്പിടിച്ചു |
| contact | = | ബന്ധപ്പെടുക |
| encouraged | = | പ്രോത്സാഹിപ്പിച്ചു |

hard work helped him fulfill his wish. You often remain busy in sleeping or with mobiles or playing video games''.

Dappu stood silently with a shy face. "I want to win medals in dancing."

"Very good. You must contact Princy peahen. She is a popular dancer". Dappu's mother said. Dappu thought for a while and confidently said: "Success doesn't just come and find me but I have to go out and get it." "Best of luck" Pappu encouraged Dappu. Mother hugged Dappu!

**Muraly T.V.**

## FIND HIM!

Circle the monkey wearing gold medal.



# കാവതി












## കണ്ണട മാറി!


**ഈ കണ്ണടകളിൽ ഒന്നുമാത്രം വ്യത്യസ്തമാണ്. അത് കണ്ടെത്തി വട്ടമിട്ടോളൂ.**



## ചുവന്ന പട്ടം!

**പട്ടങ്ങളിൽ ചുവന്ന പട്ടം കണ്ടെത്തി അടുത്ത് RED എന്ന് എഴുതൂ. കൂട്ടത്തിൽ വലിയ പട്ടത്തിന് വട്ടമിടുകയും വേണം.**





## മൂന്ന് കടങ്കഥ!

**മൂന്ന് കടങ്കഥകളുടേയും ഉത്തരങ്ങളുടെ ചിത്രങ്ങളുണ്ട്. അവ ഓരോന്നും കണ്ടെത്തി ചോദ്യത്തിന് നേരെ എഴുതൂ.**

**ചെടിയിന്മേൽ കായ, കായിന്മേൽ ചെടി!**

**കാലിൽ പിടിച്ചാൽ തോളിൽ കയറും!**

**മുള്ളുണ്ട് മുരിക്കല്ല; പാലുണ്ട് പശുവല്ല!**





# ഇര!

**മലയാറ്റൂരൊരു മലയുണ്ടേ**
**മലയുടെ മേലെ വനമുണ്ടേ**
**വനത്തിനുള്ളിൽ കൂടുണ്ടേ**
**കൂട്ടിന്നുള്ളിൽ പുലിയുണ്ടേ**
**പുലിയുടെ ചുണ്ടിൽ ഇരയുണ്ടേ**
**ഇരയുടെ നെഞ്ചിൽ തീയാണേ!**

**എം.എൻ.പി.നമ്പൂതിരിപ്പാട്**

## ഗർർ...ഗർർ...

**പുലി പറയുന്നത് എന്താണെന്ന് അറിയാൻ പേജ് കണ്ണാടിക്കു മുൻപിൽ പിടിച്ചോളൂ.**

## ഉറുമ്പെവിടെ?

**ഈ പേജിൽ ഒരു ഉറുമ്പുണ്ട്. കണ്ടെത്തി വട്ടമിടണേ.**




ഇതുപോലെ നിങ്ങളുടെ രൂപവും വരച്ചു കാണാൻ ആഗ്രഹമുണ്ടോ? എങ്കിൽ ഒരു കളർ ഫോട്ടോ മിന്നാമിന്നിക്ക് അയച്ചു തരൂ.ഫോട്ടോയ്ക്കൊപ്പം പേരും വിലാസവും ഫോൺ നമ്പറും എഴുതണേ. വ്യക്തതയുള്ള ഫോട്ടോ മാത്രം അയക്കണം. ഫോട്ടോകൾ തിരിച്ചയക്കുന്നതല്ല.

*വിലാസം:* തലയും വരയും, മിന്നാമിന്നി, എം.എം.പ്രസ്സ്, മാതൃഭൂമി, കോഴിക്കോട്-1

**ഇ-മെയിൽ:** *thalayumvarayum@gmail.com*



ആദിദേവ്
കുന്നംകുളം

അനയ്
കണ്ണാടിപ്പൊയിൽ



ദേവനന്ദ
കൊട്ടാരക്കര

ധ്വനി
തിരുവനന്തപുരം



ദേവപ്രയാഗ്
കൊല്ലം

ധൻവിൻ
കാസർകോട്



ഗൗതംകൃഷ്ണ
തൃശൂർ

ഹരിനന്ദ
കൊട്ടാരക്കര



ഹിനൂട്ടി
മുക്കാളി

ഇഷൻ
കോഴിക്കോട്



മുഹമ്മദ് റയാൻ
പള്ളുരുത്തി

നവനീത്
മലപ്പുറം



സാത്വിക്
പാലക്കാട്

ശിവാംഗി
ചിറയിൻകീഴ്




ശ്രേയ
വട്ടിയൂർക്കാവ്

ശ്രീഹരി
ആലപ്പുഴ

## പല നിറം!

**പഴങ്ങൾക്ക് സൂചന നോക്കി നിറംകൊടുക്കണേ.**



## ഒരു പോലെ!

**ഒരുപോലെയുള്ള ചിത്രങ്ങൾ കണ്ടെത്തി വരച്ചുമുട്ടിച്ചോളൂ.**



# തൂവൽ പെൻസിൽ!

**തൂവലുകൊണ്ട് ഒരു പെൻസിൽ ഉണ്ടാക്കിയാലോ?**

**ആവശ്യമായ സാധനങ്ങൾ:**

*കത്രിക, പശ, പെൻസിൽ*

**കരവിരുത്**



**അമ്മമാരുടേയും ടീച്ചർമാരുടേയും ശ്രദ്ധയ്ക്ക്:**
കളിപ്പാട്ടങ്ങളുണ്ടാക്കാൻ പഠിപ്പിക്കുന്ന പംക്തിയാണിത്. കത്രികയും ബ്ലേഡും മറ്റും ഉപയോഗിക്കുമ്പോൾ കുട്ടികൾക്ക് അപകടം പറ്റാതിരിക്കാൻ ശ്രദ്ധിക്കണേ.

ചിത്രം A കുത്തുകളിലൂടെ വെട്ടിയെടുക്കണം. ഇനി ഇതിനുള്ളിൽ നടുവിലായി പേനയോ പെൻസിലോ വയ്ക്കണം. പെൻസിലിന്റെ മുകൾ ഭാഗം മാത്രം തൂവലിന്റെ ഉള്ളിൽ വച്ചാൽ മതി കേട്ടോ. എന്നിട്ട് തൂവലിന്റെ ഒരു വശത്ത് മാത്രം പശ തേക്കുക. ഇനി പരസ്പരം മടക്കി ഒട്ടിച്ചോളൂ. തൂവൽ പെൻസിൽ തയ്യാർ.



ചിത്രം A



## ഏതു പക്ഷി?

**ഈ തൂവൽ ഏത് പക്ഷിയുടേതാണെന്ന് കളത്തിൽ എഴുതൂ.**



# കുഞ്ഞിപ്പാറുവും കൊച്ചുപക്ഷിയും!

**BED TIME STORY**

**മാതാപിതാക്കളുടെ ശ്രദ്ധയ്ക്ക്:** രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ കുട്ടികൾക്ക് ഉറക്കെ വായിച്ചു കൊടുക്കാനുള്ള കഥയാണിത്.

**കു**ഞ്ഞിപ്പാറുവിന് രാവിലെ തന്നെ വയറുവേദന. അവൾ കരച്ചിലോട് കരച്ചിൽ. ''എങ്കിൽ ഇന്ന് സ്കൂളിൽ പോകണ്ട!'', അമ്മ പറഞ്ഞു. കുഞ്ഞിപ്പാറു അകത്തു ചെന്ന് കിടന്നു. കുറച്ചുകഴിഞ്ഞപ്പോൾ അമ്മയും അച്ഛനും ഓഫീസിലേക്ക് പോയി. അമ്മൂമ്മ വന്ന് അവളെ തലോടി. അവൾ പതുക്കെ ഉറങ്ങിപ്പോയി.

കുറച്ചുകഴിഞ്ഞപ്പോൾ അതാ ജനലിൽ ആരോ തട്ടുന്നു. കുഞ്ഞിപ്പാറു പേടിച്ചു. അവൾ ഉറക്കെ അമ്മൂമ്മയെ വിളിച്ചു. ഓടി വന്ന അമ്മൂമ്മ അവളേയും കൂട്ടി പുറത്തിറങ്ങി. ''ശ്...ശ്...മിണ്ടല്ലേ...അതാ ഒരു കൊച്ചുപക്ഷി. അത് ജനലിലെ കണ്ണാടിയിൽ തന്റെ രൂപം കണ്ട് കൊത്തുന്നതാ!'',



അമ്മൂമ്മ പറഞ്ഞുകൊടുത്തു.

''പാവം പക്ഷി! കൊത്തിക്കൊത്തി അതിന്റെ കൊക്ക് വേദനിക്കില്ലേ?'', കുഞ്ഞിപ്പാറുവിന് സങ്കടമായി. അവൾ പക്ഷിയെ നോക്കി പാടി:

*''കൊച്ചുപക്ഷീ കുഞ്ഞുപക്ഷീ*
*ഇങ്ങനെ നീ ചെയ്തിടല്ലേ*
*ഉള്ളിൽ വന്നാൽ നൽകിടാലോ*
*വയറുനിറയെ അരിമണികൾ!''*

എന്നിട്ട് അവൾ വേഗം അകത്തു ചെന്ന് ജനാല തുറന്നിട്ടു. ജനലിന്റെ അഴികൾക്കിടയിലൂടെ കൊച്ചുപക്ഷി അകത്തു വന്നു. മുറിയിൽ അവിടേയും ഇവിടേയും തത്തി നടക്കുന്ന പക്ഷിയെ അവൾ കൺകുളിർക്കെ കണ്ടു. പക്ഷിക്ക് അരിമണി കൊടുത്താലോ എന്ന് അവൾക്ക് തോന്നി. 'പക്ഷേ, പക്ഷിയെങ്ങാൻ പറന്നുപോയാലോ?' കുറച്ചുകഴിഞ്ഞപ്പോൾ പക്ഷി ജനലിലൂടെ പുറത്തേക്ക് പറന്നുപോയി. മുറിയിലേക്ക് നല്ല തണുത്ത കാറ്റും ഇളംവെയിലും കയറി. അപ്പോഴേക്കും കുഞ്ഞിപ്പാറുവിന്റെ വയറുവേദന മാറിയിരുന്നു. അവൾ അമ്മൂമ്മ കൊടുത്ത ചോറ് വയറു നിറയെ ഉണ്ടു. പിന്നീട് കഥാപുസ്തകം വായിച്ചു. വൈകുന്നേരം അമ്മ വന്നപ്പോൾ അവൾ അമ്മയുടെ ഫോൺ വാങ്ങി. എന്നിട്ട് കൂട്ടുകാരെ വിളിച്ച് അന്ന് പഠിപ്പിച്ച പാഠങ്ങളെല്ലാം ചോദിച്ചറിഞ്ഞു. കുഞ്ഞിപ്പാറു എന്തു നല്ല കുട്ടിയാണ് അല്ലേ കൂട്ടുകാരേ?

*''കുഞ്ഞിപ്പാറു മിടുക്കിപ്പാറു*
*നല്ലവളായൊരു കുട്ടിപ്പാറു*
*നന്മയുമലിവും ഒത്തിരിയുണ്ടേ*
*വികൃതികളൊന്നും ഇല്ലേയില്ലേ!''*

**സന്ധ്യ**



### അർഥമറിയാം

| | |
|---|---|
| ഉറക്കെ | = ഉച്ചത്തിൽ |
| കൺകുളിർക്കെ | = കണ്ണുനിറയെ |

# അക്ഷരക്കളി!

**ഓരോ ചിത്രത്തിന്റേയും ആദ്യത്തെ അക്ഷരവുമായി അവയെ വരച്ചുമുട്ടിക്കാമോ?**







ആ

ത

ക

പ





## ചിത്രം പോലെ...


**ഈ പദപ്രശ്നം ചിത്രം നോക്കി ഇംഗ്ലീഷിൽ പൂരിപ്പിക്കൂ.**


**വലത്തോട്ട്:**

1




2






3





**താഴോട്ട്:**



1



2



4


## ഇത് ഇതിന്...


**ഈ ഉപകരണം ആരാണ് ഉപയോഗിക്കുന്നത് എന്ന് എഴുതിയ കളത്തിന് നിറംകൊടുക്കൂ.**

**അധ്യാപിക**

**ഡോക്ടർ**

**മരംവെട്ടുകാരൻ**






## ഇതല്ലേ?

**ഈ ചിത്രത്തിൽ ഒരു തെറ്റുണ്ട്. കണ്ടെത്തി വട്ടമിട്ടോളൂ.**




മിന്നാമിന്നി
കളിക്കളം

# ബേ...ബേ...




**പ**ശുവിനെ ആടിന് അടുത്തെത്തിക്കുകയാണ് ഇത്തവണത്തെ കളി. ഒരു രൂപ നാണയം എടുത്ത് ഒരാൾ മുകളിലേക്ക് എറിയണം. ഹെഡ് ആണ് വീഴുന്നതെങ്കിൽ രണ്ടു കളവും ടെയിൽ ആണ് വീഴുന്നതെങ്കിൽ ഒരു കളവും മുന്നോട്ട് നീങ്ങാം. അമ്പടയാളം ഉള്ള കളങ്ങളിലെ നിർദേശങ്ങൾ നോക്കി വേണം മുന്നോട്ടുള്ള നീക്കങ്ങൾ.





## എലിക്കുട്ടാ...

എലിക്കുട്ടന്റെ നിഴൽ കണ്ടെത്തി 15-ലേക്ക് പോകൂ.

12

START

1

## നിറം താ!

ഈ ഉടുപ്പിന് നിറം കൊടുത്ത് 7-ലേക്ക് വിട്ടോ.

11





2

10

3

## ചങ്ങാതിപ്പേര്!

ചങ്ങാതിയുടെ ഇംഗ്ലീഷ് പേര് കളത്തിലെഴുതി 11-ലേക്ക് കുതിച്ചോളൂ.

9

4 5 6 7 8





FINISH

## കണ്ടുപിടിക്കണേ!

ഒളിച്ചിരിക്കുന്നത് ആരാണെന്ന് കണ്ടെത്തി FINISH-ൽ ചെന്നോളൂ.

25

13

## ഇരട്ടപ്പൂച്ച!

പൂച്ചകളിൽ ഇരട്ടകൾക്ക് വട്ടമിട്ട് 18-ലേക്ക് ഓടിക്കോ.


24

14




15

23



16

## അമ്പിളിമാമൻ!

അമ്പിളിമാമന് വായ വരച്ചുകൊടുത്ത് ചിരിപ്പിച്ചാൽ 25-ൽ ചെല്ലാം.

22

17 18 19 20 21

# പാർവതിയും കല്പവൃക്ഷവും!




ബ്രഹ്മാവ് ഉണ്ടാക്കിയതിൽ വച്ച് ഏറ്റവും ഭംഗിയുള്ള പൂന്തോട്ടം കാണണമെന്ന് പാർവതിക്ക് ഒരിക്കൽ ആഗ്രഹം തോന്നി. ഉടനെ ശിവൻ പാർവതിയേയും കൊണ്ട് നന്ദനവനത്തിലേക്ക് ചെന്നു. അവിടെ അതാ ഭംഗിയുള്ള ഒരു മരം! ‘‘ഇതേത് മരം?’’ പാർവതി അദ്ഭുതപ്പെട്ടു. ‘‘ഇതാണ് കല്പവൃക്ഷം. ആവശ്യപ്പെടുന്നതെന്തും തരുന്ന മരം!’’, ശിവൻ പറഞ്ഞു.

‘‘ചോദിക്കുന്നതെന്തും തരുമോ? എങ്കിൽ അതൊന്ന് അറിഞ്ഞിട്ടു തന്നെ കാര്യം!’’, പാർവതി വൃക്ഷത്തോട് ഒരു പെൺകുഞ്ഞിനെ ചോദിച്ചു. അടുത്ത നിമിഷം കല്പവൃക്ഷത്തിൽ നിന്ന് ഒരു പെൺകുട്ടി ജനിച്ചു. പാർവതി അവൾക്ക് അശോകസുന്ദരി എന്നു പേരിട്ടു. വളർന്നപ്പോൾ ചാന്ദ്രവംശത്തിലെ നഹുഷൻ എന്ന രാജാവ് അവളെ വിവാഹവും കഴിച്ചു. ■





## ഞാനുമുണ്ട്!

**താഴെയുള്ള കുട്ടിക്കുരങ്ങന് മരച്ചില്ലയിലുള്ള കുരങ്ങച്ചന്റെ അടുത്തേക്ക് വഴികാണിക്കണേ.**

മലയാളത്തിലെ
പഴയ
നഴ്സറിപ്പാട്ടുകൾ
പരിചയപ്പെടുത്തുന്ന
പംക്തി.

# കുട്ടിക്കുരങ്ങൻ

**കാട്ടുമരത്തിൻ കൊമ്പുകൾ തോറും**
**കയറാം മറിയാം ചാടാം**
**വാലാൽ ചില്ലത്തുമ്പിൽ ചുറ്റി**
**വലിഞ്ഞുകിടന്നൊന്നാടാം**
**കായികവിദ്യകളിങ്ങനെ പലതും**
**കാട്ടും ഞാൻ, പൂക്കൾ തേടും**
**വാലില്ലാത്തവർ നിങ്ങളെറിഞ്ഞാൽ**
**വാൽ പൊക്കിക്കൊണ്ടോടും!**

# മുറ്റത്തെത്തും തത്തമ്മ!

മുറ്റത്തത്തി മരത്തിൻ കൊമ്പ-
ത്തുണ്ടേ നല്ലൊരു തത്തമ്മ
പച്ചച്ചിറകുകൾ വീശിത്തത്തി-
ത്തത്തി നടക്കും തത്തമ്മ
ചുവന്ന ചുണ്ടാലത്തിക്കായകൾ
കൊത്തിത്തിന്നും തത്തമ്മ
കുഞ്ഞിപ്പൂച്ച വരുന്നത് കണ്ടാൽ
പൊത്തിലൊളിക്കും തത്തമ്മ
ഉണ്ണിക്കുട്ടൻ വന്ന് വിളിച്ചാൽ
മുറ്റത്തെത്തും തത്തമ്മ!

സന്തോഷ് ജി. പഴവീട്



## ചുണ്ട് ചുവന്നേ!

മരത്തിലിരിക്കുന്ന
തത്തമ്മയുടെ ചുണ്ടിന്
ചുവപ്പ് നിറം
കൊടുക്കാമോ?



## വാ തത്തേ...

ഉണ്ണിക്കുട്ടൻ തത്തമ്മയോട്
പറയുന്നത് എന്തായിരിക്കും?
കൂട്ടുകാർക്ക് തോന്നുന്നത്
കളത്തിൽ എഴുതിക്കോളൂ.

### രക്ഷിതാക്കൾക്കും അധ്യാപകർക്കും

# പിക്ചർ ക്വിസ്

ഇത്തവണ ഫോട്ടോക്വിസാണ്. ചിത്രത്തിൽ തന്നിരിക്കുന്ന ഇലകൾ നോക്കി ഏതു ചെടിയുടേതാണെന്ന് കണ്ടെത്തി ഉത്തരം കൂപ്പണിൽ എഴുതണം. എന്നിട്ട് കൂപ്പൺ പൂരിപ്പിച്ച് മിന്നാമിന്നിക്ക് അയച്ചോളൂ. ശരിയുത്തരം അയക്കുന്നവരിൽ നിന്നും തിരഞ്ഞെടുക്കുന്ന അഞ്ച് പേർക്ക് സമ്മാനമുണ്ട്.

**5 പേർക്ക് Puttu maker സമ്മാനം!**



**1**



(A) തുളസി
(B) വേപ്പ്
(C) കറ്റാർവാഴ

**2**



(A) മുല്ല
(B) ചെമ്പരത്തി
(C) വേപ്പ്

**3**



(A) പ്ലാവില
(B) കറിവേപ്പില
(C) ആലില

**4**



(A) മത്തൻ
(B) ഉരുളക്കിഴങ്ങ്
(C) മരച്ചീനി

*വിലാസം: പിക്ചർ ക്വിസ്, മാതൃഭൂമി മിന്നാമിന്നി, എം.എം. പ്രസ്സ്, ചെറൂട്ടി റോഡ്, കോഴിക്കോട്-673001*

**അവസാന തീയതി: 2020 ഫെബ്രുവരി 26**

പേര്:..........................................................................................................
വിലാസം:.....................................................................................................
...................................................................................................................
...................................................................................................................
ജില്ല: ......................................പിൻ:
ഫോൺ നമ്പർ:

ഉത്തരങ്ങൾ
1.
2.
3.
4.

മിന്നാമിന്നി പിക്ചർ ക്വിസ്

## മത്സര വിജയികൾ

### കളറിംഗ് മത്സരം (2020 ജനുവരി 08)

1.ശ്രീഷ്മ മനോജ്, UKG, എം.ടി.എം.ഇംഗ്ലീഷ് മീഡിയം സ്കൂൾ,പാമ്പാക്കുട, എറണാകുളം, 2.ശിവപ്രിയ എസ്., UKG, സെന്റ് ജോൺസ് സ്കൂൾ, തുമ്പമൺ, പത്തനംതിട്ട, 3.ആര്യലക്ഷ്മി എ., UKG, ഹോളി ട്രിനിറ്റി ആംഗ്ലോ ഇന്ത്യൻ ഇന്റർനാഷണൽ സ്കൂൾ, കൊല്ലം, 4.വേദവേദ്യൻ എസ്.യു., II, എസ്.ജി.എം. ഷിറോയിയാ പ്രൈമറി സ്കൂൾ, നവസാരി, ഗുജറാത്ത്, 5.അദ്വൈത് കൃഷ്ണ പി.എ., LKG, ഭാരതീയ വിദ്യാ ഭവൻസ് ബാൽ മന്ദിർ, ഇരിങ്ങാലക്കുട, തൃശൂർ, 6.അനുഗ്രഹ് പി.,II-, കേന്ദ്രീയ വിദ്യാലയം, കടിഞ്ഞിമൂല, നീലേശ്വരം,കാസർകോട്, 7.പത്മിനി പി.പ്രതീഷ്, LKG, വിവേകാനന്ദ വിദ്യാ മന്ദിർ, വൈക്കം, കോട്ടയം, 8.പൗർണമി ദിലീപ്, UKG, സെന്റ് ജൂഡ് പബ്ലിക് സ്കൂൾ, അടിമാലി. ഇടുക്കി, 9.മിസ്‌രിയ ഷമീർ, LKG, മാളിക ഗവൺമെന്റ് എൽ.പി.എസ്., ആനപ്പാറ, വയനാട്, 10.മിഷേൽ മരിയ പി.എം., II, ലിറ്റിൽ ഫ്ളവർ പബ്ലിക് സ്കൂൾ, കലവൂർ, ആലപ്പുഴ, 11.ആദിത് എസ്., UKG, ഭവൻസ് വിദ്യാമന്ദിർ, ചേലേമ്പ്ര, മലപ്പുറം, 12.നിവേദ് കൃഷ്ണ ടി., I, സെന്റ് ജോസഫ് ജൂനിയർ സ്കൂൾ, കോഴിക്കോട്, 13. അവന്തിക കെ., അംഗനവാടി, മംഗലം, പാലക്കാട്, 14.അഭിഷേക് എ.എസ്., I, സായി കൃഷ്ണ പബ്ലിക് സ്കൂൾ, ചെങ്കൽ, തിരുവനന്തപുരം

### ഫ്രൂട്ട് ക്വിസ് (2020 ജനുവരി 08)

1. മഞ്ജു അനുരാഗ്, ഹരിമന്ദിരം, വയനാട്
2. ഇനാം ജബീർ, ശുക്രിയ, കല്ലായി
3. സിബി കെ.ആർ., കോഴിപറമ്പിൽ ഹൗസ്, തൃശൂർ
4. രാജേഷ് എൻ., മഴൂർ, കരിമ്പം, കണ്ണൂർ
5. ഷീന ഷിജു, മാവിളയിൽ വീട്, പുനലൂർ, കൊല്ലം

# ഉണ്ണിബലൂൺ!

തനിയെ വായിക്കാൻ:

അക്ഷരം പഠിച്ചു വരുന്ന കുട്ടികൾക്ക് തനിയെ വായിക്കാനുള്ള കഥയാണിത്.

ഒരിടത്തൊരിടത്ത് ഒരു ഉണ്ണിബലൂൺ ഉണ്ടായിരുന്നു. ഉണ്ണിക്കുട്ടന്റെ പുന്നാര ബലൂൺ! ഉണ്ണിക്കുട്ടന്റെ പട്ടിക്കുട്ടനാണ് ടോബി. ടോബിയും ഉണ്ണിക്കുട്ടനും കൂടി ഉണ്ണിബലൂണിനെ തട്ടിക്കളിക്കും. അവർക്കൊപ്പം തത്തിക്കളിക്കാൻ ഉണ്ണിബലൂണിനും വലിയ ഇഷ്ടമാണ്.

ഒരുദിവസം ഉണ്ണിക്കുട്ടൻ മുറ്റത്ത് ഊഞ്ഞാലാടുകയായിരുന്നു. ടോബിയാണെങ്കിൽ നല്ല ഉറക്കവും. അപ്പോഴതാ ഒരു പാമ്പ് ഇഴഞ്ഞിഴഞ്ഞ് ഉണ്ണിക്കുട്ടന്റെ അടുത്തേക്ക് പോകുന്നു.

മുറ്റത്തൊരു മൂലയിൽ കിടക്കുകയായിരുന്നു ഉണ്ണിബലൂൺ. പാമ്പിനെ കണ്ട് ഉണ്ണിബലൂൺ ഉച്ചത്തിൽ വിളിച്ചെങ്കിലും ഉണ്ണിക്കുട്ടൻ കേട്ടില്ല. ഉടനെ ഉണ്ണിബലൂൺ മുറ്റത്തുള്ള റോസാച്ചെടിയിലേക്ക് ഒറ്റച്ചാട്ടം. 'ഠപ്പേ'! ശബ്ദം കേട്ട് ഉണ്ണിക്കുട്ടൻ ഓടിവന്നു. ''അയ്യയ്യോ എന്റെ ഉണ്ണിബലൂൺ!'', അവന് സങ്കടമായി.

അപ്പോഴേക്കും പാമ്പ് എങ്ങോട്ടേക്കോ ഇഴഞ്ഞും പോയി. ഉടനെ അമ്മ വന്ന് പൊട്ടിപ്പോയ ഉണ്ണിബലൂൺ കൊണ്ട് ഒരു കുഞ്ഞുപാവ ഉണ്ടാക്കി. ഉണ്ണിബലൂണിന് സന്തോഷമായി.



# കളറിംഗ് മത്സരം

**താ**ഴെയുള്ള ചിത്രത്തിന് ഭംഗിയായി നിറം കൊടുക്കാനുള്ള മത്സരമാണിത്. എട്ടു വയസ്സു വരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഇതിൽ പങ്കെടുക്കാം. നിറം കൊടുത്തിട്ട് ചിത്രവും കൂപ്പണും മുറിച്ചെടുത്ത് മിന്നാമിന്നിക്ക് അയച്ചുതരൂ. **കൂപ്പൺ മലയാളത്തിൽ പൂരിപ്പിക്കണം.** ഏറ്റവും നന്നായി നിറം കൊടുക്കുന്ന 14 കൂട്ടുകാർക്ക് തകർപ്പൻ സമ്മാനം!

## 14 പേർക്ക് സമ്മാനം
**Children's mug**



**അവസാന തീയതി: 2020 ഫെബ്രുവരി 26**

*വിലാസം:* കളറിംഗ് മത്സരം-417, മാതൃഭൂമി മിന്നാമിന്നി, എം.എം. പ്രസ്സ്, ചെറൂട്ടി റോഡ്, കോഴിക്കോട്-673001



പേര്:............................................ വയസ്സ്:.............. ക്ലാസ്:.............

സ്കൂൾ വിലാസം:..................................................................

..........................................................................................

വീട്ടു വിലാസം:.....................................................................

.................................................. ജില്ല: ......................... പിൻ:

രക്ഷിതാവിന്റെ പേര്: ............................. രക്ഷിതാവിന്റെ ഫോൺ നമ്പർ:

# All in One

**രക്ഷിതാക്കളുടെയും അധ്യാപകരുടെയും ശ്രദ്ധയ്ക്ക്**
ഈ ലക്കം മിന്നാമിന്നിയിലെ ഉള്ളടക്കവുമായി ബന്ധപ്പെട്ട ആക്റ്റിവിറ്റികളാണ് ഈ പേജിൽ.

## നല്ല മരം!

**ഈ മരത്തിന് ഉള്ളിലെ പേജിലെ നിറം തന്നെ കൊടുക്കണേ.**





## ഇതെന്താ?

**ഈ ചിത്രം മഴവില്ല് പേജിൽ ഉണ്ട്. അത് എന്താണെന്ന് കളത്തിൽ എഴുതിക്കോളൂ.**



## ചങ്ങാതിമാർ!

**ഉള്ളിലെ പേജിലുള്ള ഒച്ചിനെയും കരടിയേയും കണ്ടെത്തി പരസ്പരം വരച്ചുമുട്ടിച്ചോളൂ.**







Printed and Published by P.V. Chandran for The Mathrubhumi Printing & Publishing Company Limited, Kozhikode at The Mathrubhumi M.M. Press, Cherootty Road, Kozhikode-673001. Managing Editor: P.V.Chandran. Executive Editor-Periodicals & Digital: O.R. Ramachandran (Responsible for selection of contents under PRB Act).

# സ്ട്രോബെറി ബനാന ഷേക്ക്

**മാജിക് പ്ലേറ്റ്**



**അമ്മമാരുടെ ശ്രദ്ധയ്ക്ക്:**

കുഞ്ഞുങ്ങൾക്ക് ഇഷ്ടപ്പെടുന്ന പലഹാരങ്ങളും ഭക്ഷണവും ഉണ്ടാക്കിക്കൊടുക്കാനുള്ള പാചക വിദ്യകൾ പരിചയപ്പെടുത്തുകയാണ് ഈ പംക്തിയിൽ. ഇത് കുഞ്ഞുങ്ങൾക്ക് ഉണ്ടാക്കിക്കൊടുക്കാൻ ശ്രമിക്കുമല്ലോ.

**ഇതാ കുട്ടികൾക്ക് കൊടുക്കാൻ ഒരു അടിപൊളി ഷേക്ക്...**

## ആവശ്യമായ സാധനങ്ങൾ:

| | |
|---|---|
| സ്ട്രോബെറി | : അഞ്ചെണ്ണം |
| നേന്ത്രപ്പഴം | : ഒരു പകുതി |
| പാൽ | : അരക്കപ്പ് |
| പൊടിച്ച ഐസ് | : രണ്ടു സ്പൂൺ |



## തയ്യാറാക്കുന്ന വിധം:

- നേന്ത്രപ്പഴവും സ്ട്രോബെറിയും ഐസ് പൊടിച്ചതും പാൽ ചേർത്ത് മിക്സിയിലിട്ട് അടിച്ചെടുക്കണം. അടിപൊളി സ്ട്രോബെറി ബനാന ഷേക്ക് തയ്യാർ.
- വേണമെങ്കിൽ മുകളിൽ അല്പം ഹോർലിക്സോ ബൂസ്റ്റോ വിതറാം.

RNI NO. KERMAL/2010/35475
Registered No: KL/CT/215/2020-22
Mathrubhumi Minnaminni
19/02/2020 Kids' Weekly Price: ₹15

